ടുത്തു. അവർ ഒളിവിലാണ്. ബഹുമാനപ്പെട്ട മെമ്പർക്ക് ഒരൊറ്റ പേരു പറയാൻ കഴിഞ്ഞില്ല. ഈ മെമ്പർ എവിടെയാണ്? ആർ.എസ്.എസ്സിന്റെ കൂടെയാണോ? ആർ.എസ്.എസ്.-ബി.ജെ.പി.യുടെകൂടെയാണോ?.....(ബഹളം)..... അവർ ഒളിവിലാണ്. സ്ഥലത്ത് പോലീസ് പിക്കറ്റ് ഏർപ്പെടുത്തിയിട്ടുണ്ട്, പട്രോളിംഗ് ശക്തിമത്തായി നടത്തുന്നുണ്ട്. കേസന്വേഷണം തുടർന്നുവരുന്നു.

(3) കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റിയിലെ ജീവനക്കാർക്ക് കെ.എസ്.ആർ. ബാധകമാക്കുന്നതു സംബന്ധിച്ച്

ശ്രീ. കെ. ബാബു : സർ, തൃക്കാക്കരയിൽ പ്രവർത്തിക്കുന്ന കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻ സൊസൈറ്റിയിലെ ജീവനക്കാർ സംയുക്തമായി (ഐ.എൻ.ടി.യു.സി, സി.ഐ.ടി.യു, എ.ഐ.ടി.യു.സി എന്നീ സംഘടനകൾ ഒരുമിച്ചു ചേർന്നുകൊണ്ട്) കുറെ ദിവസമായി സമരത്തിലാണ്. അവർ സമരത്തിലുന്നയിക്കുന്ന പ്രശ്നം അച്ചടിവകുപ്പിലെ മറ്റു പ്രസ്സുകളിലെ ജീവനക്കാരോടൊപ്പം തന്നെ ഈ പ്രസ്സിലെ ജീവനക്കാർക്കും കേരളാ സർവ്വീസ് റൂൾസ് ബാധകമാക്കണമെന്നുള്ളതാണ്. 10.6.98-ൽ വകുപ്പുമന്ത്രി ബഹുമാനപ്പെട്ട ടി.കെ. രാമകൃഷ്ണൻ വിളിച്ചുകൂട്ടിയ യോഗത്തിൽ വച്ച് തൃക്കാക്കര പ്രസ്സിലെ, കെ.ബി.പി.എസ്സിലെ ജീവനക്കാർക്ക് കെ.എസ്.ആർ നടപ്പിലാക്കാൻ തീരുമാനിക്കുകയുണ്ടായി. അന്ന് എടുത്ത തീരുമാനത്തിലെ രണ്ടു വാചകം ഞാൻ വായിക്കാം. "The Unions made it clear that they are prepared and ready to forego any benefit additionally enjoyed by them. Now in comparison to Government Employees, while introducing KSR for two reasons mainly that there will be just a joint security and pension. In view of this Union's unanimous opinion among the Unions, it has been decided to implement the proposal to convert KBPS as a Government Run Printing Unit under General Education Department. It has also been decided to constitute a Three Member Committee to identify equated catagories under the State Government and the KBPS and to suggest the pay structure to be given".

ഇങ്ങനെ ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്ത് ഈ കാര്യത്തിൽ ഒരു തീരുമാനമുണ്ടായി. ആ തീരുമാനം നടപ്പാക്കുന്നതിന് ഇന്ന് ധനകാര്യവകുപ്പു സമ്മതിക്കുന്നില്ല എന്നാണ് പറയുന്നത്. യഥാർത്ഥ വസ്തുത എനിക്കറിഞ്ഞുകൂടാ. ഐ.എൻ.ടി.യു.സി, എ.ഐ.ടി.യു.സി, സി.ഐ.ടി.യു. തുടങ്ങിയ എല്ലാ യൂണിയനിൽപ്പെട്ട ആളുകളും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കണ്ട് നിവേദനം കൊടുത്തു. അദ്ദേഹം ഈ കാര്യം പരിശോധിക്കാമെന്നു ഞങ്ങൾക്ക് ഉറപ്പു നൽകുകയുണ്ടായി. പക്ഷെ ഇതുവരെ ഒരു തീരുമാനവുമുണ്ടായിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ എടുത്ത തീരുമാനം നടപ്പാക്കുന്നതിനുവേണ്ടിയാണ് തൃക്കാക്കര കെ.ബി.പി.എസ്സിലെ പ്രസ്സിലെ ജീവനക്കാർ സമരം നടത്തുന്നത്. അതുകൊണ്ട് ഈ പ്രശ്നത്തിന് ഗവൺമെന്റ് എടുത്ത തീരുമാനം നടപ്പാക്കുന്നതിനു അടിയന്തിരമായി നടപടി സ്വീകരിക്കണമെന്നാണ് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, കെ.ബി.പി.എസ്സിലെ ജീവനക്കാർ കെ.എസ്.ആർ നടപ്പാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സമരം നടത്തുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിലെ സ്കൂൾ കുട്ടികൾക്കാവശ്യമായ പാഠപുസ്തക

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾ അച്ചടിക്കുന്നതിനുവേണ്ടി 1955-ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ടു പ്രകാരം 1976-ൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനമായ കെ.ബി.പി.എസ്. (കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി) ഇപ്പോഴും ഒരു സൊസൈറ്റി ആയിട്ടാണ് പ്രവർത്തിച്ചുവരുന്നത്. ജീവനക്കാരുടെ പ്രശ്നങ്ങളെക്കുറിച്ച് 8.12.99-ൽ ചർച്ച നടത്തിയിരുന്നു. പ്രസ്തുത ചർച്ചയിൽ യൂണിയൻ പ്രതിനിധികളുടെ അഭ്യർത്ഥനകൂടി കണക്കിലെടുത്ത് ജനുവരി 6-ാം തീയതി വീണ്ടും ചർച്ച ചെയ്യുന്നതിനായി തീരുമാനിച്ചിരിക്കുന്നു. എന്നാൽ പ്രസ്സിലെ ഉൽപ്പാദനം 50 ശതമാനം കുറയ്ക്കുന്നതിനും അച്ചടിച്ച സാധനങ്ങൾ പ്രസ്സിൽനിന്ന് നീക്കം ചെയ്യുന്നതു തടയാനുമുള്ള സമര പരിപാടികളിൽ ജീവനക്കാർ ഇപ്പോൾ ഏർപ്പെട്ടിരിക്കുകയാണ്. പ്രശ്ന പരിഹാരത്തിനായി ജനുവരി 6-ാം തീയതി കൂടുതൽ ചർച്ച നടത്താൻ തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത സമര പരിപാടിയിൽനിന്ന് പിൻതിരിയണമെന്ന് ജീവനക്കാരുടെ സൊസൈറ്റി ചെയർമാൻ കൂടിയായ ഉന്നത വിദ്യാഭ്യാസ വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ അഭ്യർത്ഥന പരിഗണിച്ചുകൊണ് ഇത്തരം സമര പരിപാടികളിൽനിന്നു മാറണമെന്ന് അതിന്റെ പ്രസിഡന്റു കൂടിയായ ബെഹുമാനപ്പെട്ട മെമ്പർ തൊഴിലാളികളെ ഉപദേശിക്കണമെന്നാണ് എനിക്കു അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ : സബ്മിഷന്റെ കാര്യത്തിൽ സമയനിയന്ത്രണം പാലിച്ചില്ലെങ്കിൽ ബുദ്ധിമുട്ടാണ്. പത്തു മണിക്കു സബ്മിഷൻ ആരംഭിച്ചതാണ്. മൂന്നു സബ്മിഷന് അര മണിക്കൂർ സമയം എടുത്തു. അങ്ങനെയാണെങ്കിൽ 14 സബ്മിഷൻ തീരാൻ ഇനിയും ഒന്നൊന്നര മണിക്കൂർ എടുക്കും. ഇങ്ങനെ അനുവദിക്കാൻ പറ്റില്ല. അല്ലെങ്കിൽ സബ്മിഷൻസ് മാറ്റി വയ്ക്കുക, നാളെ എടുക്കാം. എന്തു വേണമെന്ന് തീരുമാനിക്കുക. ഈ രൂപത്തിൽ കണ്ടിന്യൂ ചെയ്യാൻ പറ്റില്ല. ഇന്ന് മൂന്നു ബില്ലുകൾ സഭയിൽ വരുന്ന ദിവസമാണ്. കാര്യം മാത്രം ഉന്നയിക്കുക. അതിനുള്ള മറുപടി പറയുക.

അടുത്തത് ഓടു വ്യവസായം നേരിടന്ന പ്രതിസന്ധി. ശ്രീ. കെ.പി. രാജേന്ദ്രൻ.

(4) തൃശ്ശൂർ ജില്ലയിലെ ഓടു വ്യവസായം നേരിടുന്ന പ്രതിസന്ധി

ശ്രീ കെ.പി. രാജേന്ദ്രൻ : സർ, സംസ്ഥാനത്തെ, പ്രത്യേകിച്ചും തൃശ്ശൂർ ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു പരമ്പരാഗത വ്യവസായമാണ് ഓട് വ്യവസായം. ഓട് വ്യവസായം നേരിടുന്ന പ്രസിസന്ധിയെക്കുറിച്ചാണ് ഞാൻ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. കളിമണ്ണ്, വിറക് എന്നിവ കിട്ടുന്നതിനുള്ള പ്രയാസവും വിദ്യുച്ഛക്തി-നിരക്കിലെ വർദ്ധനവും ഓട് വിറ്റഴിക്കുന്നതിലെ ബുദ്ധിമുട്ടും കളിമണ്ണിന് സർക്കാർ കൊണ്ടുവന്ന റോയൽറ്റി, അതുപോലെ ഉൽപ്പാദനത്തിലും വിപണനത്തിലുമുണ്ടായ പ്രതിസന്ധി എല്ലാംകൊണ്ട് തൃശ്ശൂർ ജില്ലയിൽ ഓടുവ്യവസായം വലിയ ഒരു പ്രതിസന്ധി നേരിടുകയാണ്. ഈ പ്രതിസന്ധി പരിഹരിക്കാനും നിർദ്ദേശങ്ങൾ സമർപ്പിക്കാനുമായി ഗവൺമെന്റ് ഒരു കമ്മിറ്റിയെ നിയോഗിക്കുകയും കമ്മിറ്റി 1997-ൽ അതിന്റെ വിശദമായ റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഞാൻ ആ റിപ്പോർട്ടിലേയ്ക്ക് കടക്കുന്നില്ല. പ്രധാമായി കളിമണ്ണിന് ഇപ്പോൾ ഈടാക്കുന്ന റോയൽറ്റി കേരളാ സ്റ്റേറ്റ് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. ഓടു വ്യവസായത്തിനായി ഇപ്പോൾ മണ്ണെടുത്തുകൊണ്ടിരിക്കുന്ന പ്രദേശങ്ങളിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly